# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് നാല്പത്തൊന്ന്

# സമുദ്രത്തിൽനിന്നുള്ള മൃഗം

## (2)

## III. ദാനീയേലിലെ പ്രഭു

### A. തീത്തൊസും എതിർക്രിസ്തുവും യെരൂശലേമിനെയും ആലയത്തെയും നശിപ്പിക്കുന്നു

എതിർക്രിസ്തു ദാനീയേൽ 9:26-27-ലെ പ്രഭുവും ആണ്. ഈ അധ്യായം നിങ്ങൾ ശ്രദ്ധയോടെ വായിക്കുമെങ്കിൽ, പ്രഭു രണ്ട് ആളുകളെ പരാമർശിക്കുന്നുവെന്ന് നിങ്ങൾ കാണും. ഒന്നാമതായി ഇത് A.D.70-ൽ റോമാസൈന്യവുമായി യെരൂശലേമിനെ നശിപ്പിച്ച തീത്തൊസിനെ പരാമർശിക്കുന്നു. ആ നശീകരണം ലൂക്കൊസ് 21-ലെ കർത്താവിന്റെ പ്രവചനത്തിന്റെ നിറവേറലായിരുന്നു. യെരൂശലേമിലേക്കുള്ള കർത്താവിന്റെ അവസാനത്തെ സന്ദർശനത്തിൽ യെരൂശലേം നശിപ്പിക്കപ്പെടുമെന്നും കല്ലിന്മേൽ കല്ല് ശേഷിക്കാതവണ്ണം ആലയം തകർക്കപ്പെടുമെന്നും തന്റെ ശിഷ്യന്മാരോട് കർത്താവു പ്രവചിച്ചു. ആ പ്രവചനം കർത്താവിന്റെ മരണത്തിനുശേഷം നാല്പതു വർഷങ്ങൾക്കുള്ളിൽ നിറവേറി. ചരിത്രമനുസരിച്ച്, ആ നശീകരണം ഭയാനകമായിരുന്നു. എന്നാൽ തീത്തൊസ് വരാൻപോകുന്ന പ്രഭുവായ എതിർക്രിസ്തുവിന്റെ ഒരു നിഴലും, തീത്തൊസിന്റെ കീഴിലുള്ള യെരൂശലേമിന്റെ നശീകരണം എതിർക്രിസ്തുവിൻ കീഴിൽ യെരൂശലേമിന്റെയും ആലയത്തിന്റെയുംമേൽ വരാൻപോകുന്ന നശീകരണത്തിന്റെ ഒരു നിഴലും ആയിരുന്നു. "പ്രഭു" എന്ന ഒരേ അഭിധാനം പങ്കിടുന്ന ഈ രണ്ടു മനുഷ്യർക്കിടയിൽ ഏകദേശം രണ്ടായിരം വർഷത്തിന്റെ ഇടവേളയുണ്ട്.

### B. ഒരു ആഴ്ചവട്ടത്തേക്ക് യെഹൂദന്മാരുമായി ഉടമ്പടി ഉറപ്പിക്കുന്നു

ദാനീയേൽ 9:24-27-ൽ നമുക്ക് എഴുപത് ആഴ്ചവട്ടത്തെ

സംബന്ധിച്ച പ്രവചനം ഉണ്ട്. ഈ എഴുപത് ആഴ്ചവട്ടങ്ങൾ ദിവസങ്ങളുടെ ആഴ്ചകളല്ല, വർഷങ്ങളുടെ ആഴ്ചകളാണ്. ദാനീയേൽ 9:25 പറയുന്നു, "അതുകൊണ്ട് നീ അറിഞ്ഞു ഗ്രഹിച്ചു കൊള്ളേണ്ടതെന്തെന്നാൽ: യെരൂശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിവാൻ കല്പന പുറപ്പെടുന്നതുമുതൽ അഭിഷിക്തനായൊരു പ്രഭുവരെ ഏഴ് ആഴ്ചവട്ടവും അറുപത്തിരണ്ട് ആഴ്ചവട്ടവും." ഇവിടെ പറഞ്ഞിരിക്കുന്ന ഏഴ് ആഴ്ചവട്ടം യെരൂശലേംനഗരത്തെ പുനർനിർമ്മിക്കേണ്ടതിന് പാർസിരാജാവ് കല്പന പുറപ്പെടുവിച്ച സമയം മുതൽ എണ്ണപ്പെടുന്നതാണ്. ഈ കല്പന പുറപ്പെടുവിച്ച സമയം മുതൽ നഗരം പുനർനിർമ്മിക്കുന്നതുവരെ നാല്പത്തൊമ്പതു വർഷത്തിന്റെ ഒരു കാലയളവായിരുന്നു. യെരൂശലേമിന്റെ പുനർനിർമ്മാണത്തിന്റെ പൂർത്തീകരണംമുതൽ ക്രിസ്തുവിന്റെ ക്രൂശീകരണദിവസംവരെയുള്ള കാലയളവാണ് അറുപത്തിരണ്ട് ആഴ്ചവട്ടം. "അറുപത്തിരണ്ട് ആഴ്ചവട്ടം കഴിഞ്ഞിട്ട് അഭിഷിക്തൻ ഛേദിക്കപ്പെടും, എന്നാൽ അവനു വേണ്ടിയല്ല" എന്നു പറയുന്ന ദാനീയേൽ 9:26-ൽ ക്രിസ്തുവിന്റെ ക്രൂശീകരണത്തെ പരാമർശിക്കുന്നു. ഇക്കാരണത്താൽ, നഗരത്തിന്റെ പുനർനിർമ്മാണത്തിന്റെ പൂർത്തീകരണം മുതൽ അഭിഷിക്തന്റെ ക്രൂശീകരണം വരെ നാനൂറ്റിമുപ്പത്തിനാലു വർഷമായിരുന്നു. അതുകൊണ്ട്, ദാനീയേൽ 9-ൽ പറഞ്ഞിരിക്കുന്ന എഴുപത് ആഴ്ചവട്ടത്തിന്റെ അവസാനത്തെ ഒരെണ്ണം മാത്രമേ ശേഷിക്കുന്നുള്ളൂ.

ക്രിസ്തുവിന്റെ ക്രൂശീകരണത്തിനുശേഷം തീത്തൊസ് യെരൂശലേംനഗരത്തെ നശിപ്പിച്ചു. ക്രിസ്തുവിന്റെ ക്രൂശീകരണത്തിന്റെ സമയത്തിനും എഴുപതാമത്തെ ആഴ്ചവട്ടത്തിന്റെ ആരംഭത്തിനുമിടയിൽ അജ്ഞാതമായ കാലയളവിന്റെ ഒരു വിടവുണ്ട്. ഈ ഇടവേള ഇപ്പോൾത്തന്നെ ആയിരത്തിതൊള്ളായിരത്തിലധികം വർഷം കഴിഞ്ഞുപോയിരിക്കുന്നു. ഈ വിടവിൽ A.D. 476-ൽ സമാപിച്ച പുരാതന റോമാസാമ്രാജ്യവും റോമാസാമ്രാജ്യത്തെ പകരംവച്ച റോമാസഭയും ഉള്ളടങ്ങുന്നു. അതിൽ നവീകരിക്കപ്പെട്ട റോമാസാമ്രാജ്യവും ഉൾപ്പെടും. നവീകരിക്കപ്പെട്ട റോമാസാമ്രാജ്യത്തിന്റെ അവസാനത്തെ കൈസർ ഒരു ആഴ്ചവട്ടത്തേക്ക് യെഹൂദന്മാരുമായി ഉടമ്പടി ചെയ്യുന്ന എതിർക്രിസ്തു ആയിരിക്കും. ദാനീയേൽ 9:27 പറയുന്നു, "അവൻ ഒരു ആഴ്ചവട്ടത്തേക്ക് പലരുമായി ഉടമ്പടി ഉറപ്പിക്കും." ഈ ഉടമ്പടിയിൽ തങ്ങളുടെ മതത്തിനനുസരിച്ച് ദൈവത്തെ ആരാധിക്കുവാനുള്ള സ്വാതന്ത്ര്യം എതിർക്രിസ്തു യെഹൂദന്മാർക്ക് വാഗ്ദത്തം ചെയ്യും.

## C. ആഴ്ചവട്ടത്തിന്റെ മധ്യത്തിൽ ഹനനയാഗവും ഭോജനയാഗവും നിർത്തിക്കളയുന്നു

**എന്നാൽ, മൂന്നര വർഷത്തിനുശേഷം, എതിർക്രിസ്തു തന്റെ**

മനോഭാവം മാറ്റും. ദാനീയേൽ 9:27 തുടർന്നു പറയുന്നു, "ആഴ്ചവട്ടത്തിന്റെ മധ്യത്തിൽ ഹനനയാഗവും ഭോജനയാഗവും നിന്നുപോകുവാൻ അവൻ ഇടയാക്കും" (എബ്രാ.). ഉടമ്പടിയുടെ ഈ ലംഘനം നിർണ്ണായകമായ ഒരു സമയത്ത്, സാത്താനെ ഭൂമിയിലേക്ക് എറിഞ്ഞുകളയുകയും എതിർക്രിസ്തുവിനെ ഇളക്കിവിടുവാൻ മധ്യധരണ്യാഴിയുടെ തീരത്ത് അവൻ നിൽക്കുകയും ചെയ്യുന്ന സമയത്ത് സംഭവിക്കും. അപ്പോൾ എതിർക്രിസ്തു എല്ലാ ദേവന്മാർക്കും മുകളിൽ തന്നെത്താൻ ഉയർത്തും. "ഇനി യെഹൂദന്മാരായ നിങ്ങൾ ഒരിക്കലും നിങ്ങളുടെ ദൈവത്തെ ആരാധിക്കരുത്. ഞാനാണ് ദൈവം! നിങ്ങളുടെ ഹനനയാഗങ്ങൾ നിർത്തുവാനും നിങ്ങളുടെ മതപരമായ ഉത്സവങ്ങൾ നീക്കിക്കളയുവാനും ഞാൻ കല്പിക്കുന്നു. കൂടാതെ, ഞാൻ നിങ്ങളുടെ നിയമങ്ങളെ മാറ്റും. നിങ്ങളുടെ ദൈവത്തെക്കുറിച്ചുള്ള സകലത്തെയും, നിങ്ങളുടെ ദൈവത്തിന്റെ നിയമത്തെയും, നിങ്ങളുടെ ഉത്സവങ്ങളെയും മറക്കുകയും തിരിഞ്ഞ് എന്നെ ആരാധിക്കുകയും ചെയ്യുക" എന്ന് അവൻ പറഞ്ഞേക്കാം. സകല ദേവന്മാർക്കും മുകളിൽ എതിർക്രിസ്തു തന്നെത്താൻ ഉയർത്തുന്ന സമയം അവൻ ആലയത്തെ മലിനപ്പെടുത്തുകയും ചെയ്യും.

## D. ശൂന്യമാക്കുന്നവനെന്ന നിലയിൽ ആലയത്തിൽ മ്ലേച്ഛതകൾ സ്ഥാപിക്കുന്നു

"മ്ലേച്ഛതകളുടെ ചിറകിന്മേൽ ശൂന്യമാക്കുന്നവൻ വരും" എന്നും ദാനീയേൽ 9:27 പറയുന്നു. "അതുകൊണ്ട് നിങ്ങൾ ദാനീയേൽ പ്രവാചകനിലൂടെ അരുളിച്ചെയ്തതായ ശൂന്യതയുടെ മ്ലേച്ഛത വിശുദ്ധസ്ഥലത്തു നിൽക്കുന്നതു കാണുമ്പോൾ," (മത്താ. 24:15) എന്ന് കർത്താവായ യേശു പറഞ്ഞപ്പോൾ അവൻ ഇതിനെയാണ് പരാമർശിച്ചത്. ആലയത്തെയും യെരൂശലേംനഗരത്തെയും ഇടിച്ചുകളഞ്ഞുകൊണ്ട് എതിർക്രിസ്തു മ്ലേച്ഛതകളെയോ വിഗ്രഹങ്ങളെയോ, ശൂന്യതയെയോ നശീകരണത്തെയോ കൊണ്ടുവരും. ഇതാണ് ദാനീയേൽ 9:25-27-ന്റെ ശരിയായ ഗ്രാഹ്യം. നമുക്ക് ഈ ഗ്രാഹ്യമുണ്ടെങ്കിൽ, യെഹൂദന്മാരുമായി എതിർക്രിസ്തു എങ്ങനെ ഇടപെടുമെന്ന് നാം കാണും.

വെളിപ്പാട് പതിനേഴാം അധ്യായത്തിലേക്ക് നാം വരുമ്പോൾ യെഹൂദാമതത്തിനു പുറമെ എതിർക്രിസ്തു കത്തോലിക്കാമതത്തെയും നശിപ്പിക്കുമെന്ന് നാം കാണും. യെഹൂദമതവും കത്തോലിക്കാമതവും, ദൈവത്തിന്റെ ദൃഷ്ടിയിൽ അറപ്പുളവാക്കുന്നതായിത്തീർന്നിരിക്കുന്നു. നമ്മിൽ ചിലർ മുമ്പ് അതിലേതെങ്കിലുമൊന്നിൽ ആയിരുന്നെങ്കിലും ഇപ്പോൾ ആ മതങ്ങളിൽ അല്ലാത്തതിനാൽ നാം കർത്താവിനെ സ്തുതിക്കുന്നു. നാം ഇപ്പോൾ ക്രിസ്തുവിലാണ്. നൂറ്റാണ്ടുകളായി ഈ രണ്ടു മതങ്ങളും

ദൈവത്തിന്റെ ദൃഷ്ടിയിൽ അറപ്പുളവാക്കുന്നു. 2:9-ലും 3:9-ലും യെഹൂദന്മാരുടെ സിനഗോഗുകളെ കർത്താവായ യേശു "സാത്താന്റെ സിനഗോഗ്" എന്നു വിളിച്ചു. കൂടാതെ, കത്തോലിക്കാമതം മഹാവേശ്യയാണെന്ന് കർത്താവായ യേശു അപ്പൊസ്തലനായ യോഹന്നാന് വെളിപ്പെടുത്തിക്കൊടുത്തു (17:1-6). "യെഹൂദന്മാരുടെ സിനഗോഗുകളെ സാത്താന്റെ സിനഗോഗെന്ന് നിങ്ങൾക്കെങ്ങനെ വിളിക്കുവാൻ കഴിയും? സിനഗോഗിൽ യെഹൂദന്മാർ ദൈവത്തെ ആരാധിക്കുകയും തിരുവെഴുത്തുകളെ പഠിക്കുകയും ചെയ്യുന്നു" എന്നു പറഞ്ഞുകൊണ്ട് ചിലർ തർക്കിച്ചേക്കാം. എന്നാൽ സിനഗോഗ് സാത്താന്റെ സിനഗോഗാണെന്നു പറഞ്ഞതു ഞാനല്ല— അത് തന്റെ സഭയോടുള്ള കർത്താവായ യേശുവിന്റെ വാക്കായിരുന്നു. ദൈവമായിരുന്നില്ല, സാത്താനായിരുന്നു സിനഗോഗിലുണ്ടായിരുന്നത്. "കത്തോലിക്കാമതം ക്രിസ്തുവിനെ പ്രസംഗിക്കുന്നില്ലേ?" എന്ന് മറ്റുള്ളവർ കത്തോലിക്കാമതത്തെ ന്യായീകരിച്ചുകൊണ്ട് പറഞ്ഞേക്കാം. എന്നാൽ കത്തോലിക്കാമതം ക്രിസ്തുവിനെ മറിയയുടെ പുത്രനായി പ്രസംഗിക്കുന്നു. മറിയയെ ആരാധിക്കുന്നത് വിഗ്രഹാരാധനയിൽനിന്നു വരുന്നു. "ദൈവമാതാവ്" എന്നു വിളിക്കപ്പെടുന്ന കത്തോലിക്കാമതത്തിലെ മറിയ, വീനസ് എന്ന ദേവതയുടെ മറ്റൊരു രൂപമാണ്. ഇതു പൈശാചികമാണ്. ക്രിസ്തുമസും പൈശാചികമാണ്, കാരണം സൂര്യജനനത്തെ ആദരിക്കുന്ന ഒരു ജാതീയ ഉത്സവത്തിന്റെ തിയതിയായ ഡിസംബർ 25-നെ ക്രിസ്തുവിന്റെ ജന്മദിനമെന്നു പറയുന്നു. എന്തൊരു ദൈവദൂഷണം! കത്തോലിക്കാമതത്തിലുള്ള സകലത്തിനും ഒരു ക്രിസ്തീയ പുറംകാഴ്ച ഉണ്ടെങ്കിലും, അതിന്റെ ഉറവിടം ബാബിലോണ്യമതമാണ്. ഇക്കാരണത്താൽ, ദൈവത്തിന്റെ ദൃഷ്ടിയിൽ കത്തോലിക്കാസഭ ആത്മിക ദുർന്നടപ്പിൽ ഏർപ്പെടുന്നതിലൂടെ അവളെത്തന്നെ സമ്പുഷ്ടമാക്കുന്ന മഹാവേശ്യയാണ്. അതുകൊണ്ട്, കത്തോലിക്കാസഭ മഹാവേശ്യ എന്നു വിളിക്കപ്പെടുന്നു. യെഹൂദമതവും കത്തോലിക്കാമതവും സാത്താന്യമാണ്. സാത്താന്റെ ദുഷ്പ്രേരണയിൻകീഴിൽ എതിർക്രിസ്തു യെഹൂദമതത്തെയും കത്തോലിക്കാമതത്തെയും നശിപ്പിക്കും. ഈ നശീകരണവേല ദൈവത്തിനുവേണ്ടിയും ക്രിസ്തുവിനുവേണ്ടിയുമാണെന്നു മനസ്സിലാക്കാതെയാണ് അവൻ ചെയ്യുന്നത്. ഇതെല്ലാറ്റിനുംമീതെ, ദൈവം സർവാധികാരിയാണ്. സകലവിധ ദേവന്മാർക്കുംമീതെ അവനെത്തന്നെ ഉയർത്തിക്കൊണ്ടും, എല്ലാ മതങ്ങളെയും നീക്കിക്കളഞ്ഞുകൊണ്ടും, അവനെത്തന്നെ ഏക ആരാധനാമൂർത്തിയാക്കിക്കൊണ്ടുമുള്ള പ്രക്രിയയിൽ എതിർക്രിസ്തു ഇവയെല്ലാം ചെയ്യും.

LD

### E. ദൈവക്രോധത്താൽ നശിപ്പിക്കപ്പെടുന്നു

ഒടുവിൽ, ദൈവക്രോധത്താൽ എതിർക്രിസ്തു നശിപ്പിക്കപ്പെടും (ദാനീ. 9:27). ഈ നശീകരണം എതിർക്രിസ്തുവിനെ പൂർണ്ണമായി പരാജയപ്പെടുത്തുന്ന ഹർമ്മഗെദ്ദോൻ യുദ്ധത്തിൽ ക്രിസ്തുവിനാൽ നിർവഹിക്കപ്പെടും (19:17-21).

## IV. ദാനീയേൽ 11-ലെ രാജാവ്

എതിർക്രിസ്തു ദാനീയേൽ 11:36-45-ൽ രാജാവും ആണ്. ദാനീയേൽ 11-ലെ തെക്കേദേശത്തിലെ രാജാവും വടക്കേദേശത്തിലെ രാജാവും എന്നീ രണ്ടു രാജാക്കന്മാരെ ഞങ്ങൾ നേരത്തെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ദാനീയേൽ 11-ൽ തെക്ക് മിസ്രയീമിനെയും വടക്ക് സിറിയയെയും പരാമർശിക്കുന്നു. ചിലപ്പോൾ മിസ്രയീമും സിറിയയും പരസ്പരം യുദ്ധം ചെയ്യുന്നു. വടക്കേദേശത്തിലെ രാജാവായ സിറിയയുടെ രാജാവിന് വരാൻപോകുന്ന എതിർക്രിസ്തുവുമായി വളരെ ബന്ധമുണ്ട്.

### A. അന്ത്യോക്കസ് എപ്പിഫെനീസിനാൽ മുൻകുറിക്കപ്പെടുന്നു

ദാനീയേൽ 11:36-45-ലെ രാജാവ് ദാനീയേൽ 11:21-35-ലെ അന്ത്യോക്കസ് എപ്പിഫെനീസിനാൽ മുൻകുറിക്കപ്പെടുന്നു (175-164 B.C.). അന്ത്യോക്കസ് ആലയത്തെ നശിപ്പിക്കുകയും ഒരു പന്നിയെ ആലയത്തിൽ വച്ചുകൊണ്ട് വിശുദ്ധമന്ദിരത്തെ മലിനപ്പെടുത്തുകയും ചെയ്തു. അതുകൊണ്ട്, അപ്പൊക്രിഫയിലെ മക്കബായർ എന്ന രണ്ടു പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ മക്കബായർ അവനെതിരെ യുദ്ധംചെയ്യുവാൻ എഴുന്നേറ്റു. ദൈവം തന്റെ ജനവുമായി ഉണ്ടാക്കിയ വിശുദ്ധ നിയമത്തെ അന്ത്യോക്കസ് എതിർക്കുകയും (ദാനീ. 11:28, 30), നിരന്തര ഹോമയാഗത്തെ എടുത്തുകളയുകയും ചെയ്തു (ദാനീ. 11:31). കൂടാതെ, അന്ത്യോക്കസ് ആലയത്തിൽ ശൂന്യമാക്കുന്ന മ്ലേച്ഛത (വിഗ്രഹം) വയ്ക്കുകയും ചെയ്തു (ദാനീ. 11:31). നാം കണ്ടതുപോലെ, എതിർക്രിസ്തുവും ഇതേ കാര്യം ചെയ്യും.

### B. സകല ദേവന്മാർക്കുംമീതെ തന്നെത്താൻ ഉയർത്തുകയും മഹത്വീകരിക്കുകയും ദൈവാധി ദൈവത്തിനെതിരായി അപൂർവകാര്യങ്ങളെ സംസാരിക്കുകയും ചെയ്യുന്നു

എതിർക്രിസ്തു എന്ന ഈ രാജാവ് "തന്നെത്താൻ ഉയർത്തി, ഏതു ദേവനും മേലായി മഹത്വീകരിക്കുകയും ദൈവാധിദൈവത്തിന്റെ നേരെ അപൂർവകാര്യങ്ങളെ സംസാരിക്കയും ചെയ്യും: അവൻ എല്ലാറ്റിനും മേലായി തന്നെത്താൻ മഹത്വീകരിക്കയാൽ തന്റെ പിതാക്കന്മാരുടെ ദൈവത്തെയും, സ്ത്രീകളുടെ ഇഷ്ടദേവനെയും,

യാതൊരു ദേവനെയും കൂട്ടാക്കുകയില്ല" എന്ന് ദാനീയേൽ 11:36-37 വെളിപ്പെടുത്തുന്നു. എതിർക്രിസ്തു ഇതെല്ലാം ചെയ്യും.

## C. കോട്ടകളുടെ ദേവനെ ബഹുമാനിക്കുന്നു

എതിർക്രിസ്തു "കോട്ടകളുടെ ദേവനെ ബഹുമാനിക്കും; അവന്റെ പിതാക്കന്മാർ അറിയാത്ത ഒരു ദേവനെ അവൻ പൊന്നുകൊണ്ടും വെള്ളികൊണ്ടും രത്നങ്ങൾകൊണ്ടും മനോഹരവസ്തുക്കൾകൊണ്ടും ബഹുമാനിക്കും" (എബ്രാ.) എന്ന് ദാനീയേൽ 11:38 പറയുന്നു. എതിർക്രിസ്തു ദൈവത്തിൽനിന്നും അവന്റെ സ്വന്തം ബിംബത്തെ ആരാധിക്കുവാൻ തിരിയും.

## D. അവനെ സ്വീകരിക്കുന്നവർക്ക് അവൻ മഹത്വം വർധിപ്പിക്കുകയും അനേകരുടെമേൽ വാഴുവാൻ അവരെ ഇടയാക്കുകയും പ്രതിഫലത്തിനായി ദേശത്തെ വിഭാഗിക്കുകയും ചെയ്യും

ദാനീയേൽ 11:39 പറയുന്നു, "അവനെ സ്വീകരിക്കുന്നവന് അവൻ മഹത്വം വർധിപ്പിക്കും; അവൻ അവരെ പലർക്കും അധിപതികളാക്കി ദേശത്തെ പ്രതിഫലമായി വിഭാഗിച്ചുകൊടുക്കും" (എബ്രാ.). തന്നെ അംഗീകരിക്കുന്നവരെ എതിർക്രിസ്തു ഉന്നത പദവിയിലേക്കുയർത്തുമെന്ന് ഇതു സൂചിപ്പിക്കുന്നു. അവൻ അവർക്ക് മഹത്വവും, ഭരിക്കുവാനുള്ള അധികാരവും, അവരുടെ പ്രതിഫലമായി ദേശത്തിന്റെ ഭാഗവും കൊടുക്കും.

## E. രാജ്യങ്ങളിലേക്കു പ്രവേശിക്കുകയും, കവിയുകയും, കടന്നുപോകുകയും ചെയ്യുന്നു

എതിർക്രിസ്തു "ദേശങ്ങളിലേക്കു പ്രവേശിക്കുകയും കവിഞ്ഞു കടന്നുപോകുകയും ചെയ്യും" എന്ന് ദാനീയേൽ 11:40 പറയുന്നു. അവൻ പിടിച്ചടക്കുന്ന രാഷ്ട്രങ്ങളെ അവൻ ഏറ്റെടുക്കുമെന്ന് ഇത് അർഥമാക്കുന്നു.

## F. മനോഹരദേശത്തിലേക്കു പ്രവേശിക്കുന്നു

എതിർക്രിസ്തു "മനോഹരദേശത്തിലേക്കു" പ്രവേശിക്കുകയും ചെയ്യും (ദാനീ. 11:41, എബ്രാ.). "മനോഹരദേശം" വിശുദ്ധദേശമാണ്. അവൻ യെഹൂദരാഷ്ട്രത്തെയും ഏറ്റെടുക്കുമെന്ന് ഇതു സൂചിപ്പിക്കുന്നു.

## G. സമുദ്രങ്ങൾക്കും മനോഹരമായ വിശുദ്ധപർവതത്തിനും ഇടയിൽ അവന്റെ മണിപ്പന്തലുകൾ സ്ഥാപിക്കുന്നു

ദാനീയേൽ 11:44 പറയുന്നു, "അവൻ സമുദ്രങ്ങൾക്കും

മനോഹരമായ വിശുദ്ധ പർവതത്തിനും ഇടയിൽ അവന്റെ മണിപ്പന്തലുകൾ സ്ഥാപിക്കും" (എബ്രാ.). ഇവിടത്തെ "സമുദ്രങ്ങൾ" മധ്യധരണ്യാഴിയും ഗലീലക്കടലും ആണ്. "മനോഹരമായ വിശുദ്ധ പർവതം" യെരുശലേം ഇരിക്കുന്ന സീയോനെ പരാമർശിക്കുന്നു. ഈ രണ്ടു സമുദ്രങ്ങൾക്കും സീയോൻപർവതത്തിനും ഇടയിൽ എതിർക്രിസ്തു അവന്റെ മണിപ്പന്തലുകൾ ഉറപ്പിക്കും.

## H. അവന്റെ അന്ത്യത്തിലേക്കു വരുന്നു, ആരും അവനെ സഹായിക്കുന്നില്ല

ഒടുവിൽ, "അവിടെ അവൻ അന്തരിക്കും; ആരും അവനെ രക്ഷിക്കയുമില്ല" (ദാനീ. 11:44). ക്രിസ്തു അവനെ ഹർമ്മഗെദ്ദോനിലെ യുദ്ധത്തിൽ അവസാനിപ്പിക്കുമെന്നും അവനെ രക്ഷിക്കുവാൻ ആരും സഹായിക്കുകയില്ലെന്നും ഇത് അർഥമാക്കുന്നു.

എതിർക്രിസ്തുവിനെ സംബന്ധിച്ച ഈ എല്ലാ കാര്യങ്ങളെയും നാം പരിഗണിക്കുമ്പോൾ അവൻ എന്തു തരം വ്യക്തിയായിരിക്കുമെന്നും അവൻ എവിടെനിന്നു വരുമെന്നുപോലും നാം കാണുന്നു. വേദപുസ്തകമനുസരിച്ച്, അവൻ യവനദേശത്തുനിന്നോ പുരാതന മക്കെദോന്യയിൽനിന്നോ വരുമെന്ന് എനിക്ക് ഉറപ്പുണ്ട്. അവൻ യവനരാഷ്ട്ര വംശജനും ഭൂമിശാസ്ത്രപരമായി ആ മേഖലയിൽനിന്നു വരുന്നവനും ആയിരിക്കുവാനാണ് സാധ്യത. മഹാനായ അലക്സാണ്ടറിന്റെ സാമ്രാജ്യത്തിന്റെ നാലു ഭാഗങ്ങളും കിഴക്കൻ റോമാസാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. പ്രവചനങ്ങളനുസരിച്ച്, എതിർക്രിസ്തു പടിഞ്ഞാറൻ റോമാസാമ്രാജ്യത്തിൽനിന്നു വരികയില്ല, പിന്നെയോ യവനദേശത്തിന്റെയും മക്കെദോന്യയുടെയും സാമ്രാജ്യത്തിന്റെ മേഖലയിലുള്ള നാലു രാജ്യങ്ങളിലൊന്നിൽനിന്നു വരും. ഈ രാജ്യങ്ങളെല്ലാം കിഴക്കൻ റോമാസാമ്രാജ്യത്തിന്റെ മേഖലയിലാണ് കിടക്കുന്നത്. എതിർക്രിസ്തു യവന രാഷ്ട്രത്തിൽനിന്നും മേഖലയിൽനിന്നും വരുമായിരിക്കും എന്ന് ഞാൻ ശക്തമായി പറയുന്നു. യവനദേശത്തിലെ സംഭവങ്ങളെക്കുറിച്ച് നാം ജാഗരൂകരും നിരീക്ഷിക്കുന്നവരും ആയിരിക്കണം. ദാനീയേൽ രണ്ട്, ഏഴ്, എട്ട്, പതിനൊന്ന് എന്നീ അധ്യായങ്ങളിലെ ഭൂരിഭാഗം പ്രവചനങ്ങളും നിറവേറിക്കഴിഞ്ഞു. നിറവേറിയവയൊക്കെയും അക്ഷരീയമായി നിറവേറിയതിനാൽ, ശേഷിക്കുന്നവയും അങ്ങനെതന്നെ ആയിരിക്കും. എതിർക്രിസ്തു മക്കെദോന്യയിലോ യവനദേശത്തിലോനിന്ന് തെക്കോട്ടും (മിസ്രയീം), കിഴക്കോട്ടും (സിറിയ). വിശുദ്ധ ദേശത്തേക്കും (യിസ്രായേൽദേശം) വരും. ഇന്നത്തെ ലോകസാഹചര്യം പശ്ചിമേഷ്യൻ പ്രദേശങ്ങളെ കേന്ദ്രീകരിച്ചിരിക്കുന്നു. സമയം അടുത്തിരിക്കുന്നുവെന്നും വേഗത്തിൽ ക്രിസ്തുവും എതിർക്രിസ്തുവും വരുമെന്നും നാം വിശ്വസിക്കണം.

എങ്കിലും, നാം എതിർക്രിസ്തുവിനായിട്ടല്ല കാത്തിരിക്കുന്നത്— നാം ക്രിസ്തുവിനായിട്ടാണ് കാത്തിരിക്കുന്നത്. ദിവസേന ഞാൻ പശ്ചിമേഷ്യൻ പ്രദേശങ്ങളിലെ സാഹചര്യത്തെ ശ്രദ്ധിക്കുകയും ആ പ്രദേശത്തിലുള്ള സംഭവങ്ങളെ സംബന്ധിച്ച് എന്റെ ആത്മാവിനെ വ്യായാമംചെയ്യുകയും ചെയ്യുന്നു. തന്റെ പ്രവചനത്തിലുള്ള ദൈവവചനത്തിന്റെ വെളിച്ചം നമുക്കുണ്ടായിരിക്കുന്നതിനായി കർത്താവിനെ നാം സ്തുതിക്കുന്നു.

എതിർക്രിസ്തുവിനെ സംബന്ധിച്ച പ്രവചനങ്ങളുടെ പഠനത്തിലൂടെ അവനാണ് ലൗകികശക്തികളുടെ ആത്യന്തിക ഫലമെന്ന് നമുക്ക് ഉപസംഹരിക്കാം. ദൈവത്തിന്റെ ദൃഷ്ടിയിൽ ലൗകികശക്തികൾ ബാബിലോണോടുകൂടെ ആരംഭിക്കുകയും, മേദ്യ-പാർസ്യ സാമ്രാജ്യത്തോടും, മക്കെദോന്യ സാമ്രാജ്യത്തോടും, റോമാ സാമ്രാജ്യത്തോടുംകൂടെ തുടരുകയും ചെയ്തു. ബാബിലോണ്യ സാമ്രാജ്യത്തെ തുടർന്ന് മേദ്യ-പാർസ്യ സാമ്രാജ്യം വരുകയും, മേദ്യ-പാർസ്യ സാമ്രാജ്യത്തെ തുടർന്ന് മക്കെദോന്യ സാമ്രാജ്യം വരുകയും, മക്കെദോന്യ സാമ്രാജ്യത്തെ തുടർന്ന് റോമാസാമ്രാജ്യം വരുകയും ചെയ്തു. ലോകശക്തി ഒരു സാമ്രാജ്യത്തിൽനിന്ന് മറ്റൊന്നിലേക്കു തുടർന്നുവെന്ന് ഇതിനാൽ നാം കാണുന്നു. ആത്യന്തികമായി റോമാസാമ്രാജ്യ ത്തിൽനിന്നും ഈ ലൗകികശക്തികളുടെ ആത്യന്തിക ഫലമായി എതിർക്രിസ്തു പുറത്തുവരും. എതിർക്രിസ്തു തോല്പിക്കപ്പെടുകയും തീപ്പൊയ്കയിലേക്ക് എറിയപ്പെടുകയും ചെയ്യുമ്പോൾ ലൗകികശക്തി പൂർണ്ണമായി അവസാനിപ്പിക്കപ്പെടും.

ദാനീയേൽ 2 അനുസരിച്ച്, "കൈ തൊടാതെ" ഒരു കല്ല് സ്വർഗത്തിൽനിന്നും ബിംബത്തിന്റെ പത്തു കാൽവിരലുകളുടെമേൽ പതിക്കും (വാ. 34). ആ കല്ല് പത്തു വിരലുകളെ തകർക്കുമെന്നു മാത്രമല്ല, തലമുതൽ പാദംവരെയുള്ള മുഴുവൻ ബിംബത്തെയും തകർക്കും. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ, കല്ല് ക്രിസ്തു ആണ്. ഇന്ന്, അവൻ പണിയുന്ന കല്ലാണ് (മത്താ. 21:42; പ്രവൃ. 4:10-12), എന്നാൽ ആ ദിവസത്തിൽ അവൻ തകർക്കുന്ന കല്ലായിരിക്കും (മത്താ. 21:44). സഭയ്ക്ക് ക്രിസ്തു പണിയുന്ന കല്ലാണ്, എന്നാൽ ലൗകികശക്തികൾക്ക് അവൻ തകർക്കുന്ന കല്ലാണ്, അത് മുഴുവൻ ബിംബത്തെയും കഷണങ്ങളായി ശിഥിലമാക്കിക്കളയും.

എതിർക്രിസ്തു പുരാതന മക്കെദോന്യ സാമ്രാജ്യത്തിന്റെ നാലു രാജത്വങ്ങളിലൊന്നിൽനിന്ന്, മിക്കവാറും യവനദേശത്തുനിന്ന് വരുമെന്ന് നാം കണ്ടു. റോമാസാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന യവനദേശം പത്തു രാജത്വങ്ങളിൽ, അഥവാ ബിംബത്തിന്റെ പത്തു കാൽവിരലുകളിൽ ഒന്നും ആയിരിക്കും. വേദപുസ്തകത്തിലെ

പ്രവചനങ്ങളനുസരിച്ച് എതിർക്രിസ്തു യവനദേശത്തിലോ മക്കെദോന്യയിലോ നിന്നുള്ള മേഖലയിലെ റോമാസാമ്രാജ്യത്തിൽ നിന്നു വരുമെന്ന് ഇപ്പോൾ നമുക്ക് നിശ്ചയമായും വ്യക്തമായും പറയുവാൻ കഴിയും.

എതിർക്രിസ്തു എന്തു ചെയ്യുമെന്നും നാം കണ്ടു. അവൻ ദൈവത്തെ എതിർക്കുകയും ദൈവത്തിന്റെ ജനത്തെ ഉപദ്രവിക്കുകയും ചെയ്യും. യെഹൂദമതവുമായി ബന്ധപ്പെട്ട സകലത്തെയും അവൻ അസാധുവാക്കുകയും, യെഹൂദന്മാരെയും ഭൂമിയിൽ അവശേഷിക്കുന്ന ക്രിസ്ത്യാനികളെയും ഉപദ്രവിക്കുകയും, കത്തോലിക്കാമതത്തെ നശിപ്പിക്കുകയും ചെയ്യും. അവൻ ബുദ്ധിപരമായി സമർഥനും, പ്രാപ്തിയുള്ളവനും, സ്വർഗീയസൈന്യത്തെ സ്പർശിക്കുവാൻ ശക്തിയുള്ളവനും ആയിരിക്കും. അവൻ ഒരുപക്ഷേ ബഹിരാകാശത്തേക്കു ചുഴിഞ്ഞു നോക്കുവാനുള്ള ആധുനിക ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾ വിനിയോഗിക്കുമായിരിക്കും. അവന് വർണ്ണമുള്ളതും, ബലമുള്ളതും, ക്രൂരവും, ആകർഷണീയതയും ഉള്ള ഒരു കാഴ്ച ഉണ്ടായിരിക്കും. എതിർക്രിസ്തു പ്രത്യക്ഷനാകുമ്പോൾ നിങ്ങൾ ഭൂമിയിൽ ഉപേക്ഷിക്കപ്പെട്ടിരിക്കുമെങ്കിൽ, ഈ രണ്ടു ദൂതുകളിൽ പറഞ്ഞ അവന്റെ സകല സവിശേഷതകളും അറിയുന്നതിലൂടെ അവനെ തിരിച്ചറിയുവാൻ നിങ്ങൾ പ്രാപ്തനായിരിക്കും. അവൻ ആരാണെന്ന് നിങ്ങൾ അറിയുകയും നിങ്ങൾ അവനിലേക്ക് ആകർഷിക്കപ്പെടാതിരിക്കുകയും ചെയ്യും.

ഇന്ന് സർവലോകവും ശക്തനായ ഒരു നേതാവിനുവേണ്ടി നോക്കിക്കൊണ്ടിരിക്കുകയാണ്. ഇത് ജനാധിപത്യത്തിന്റെ കാലമാണെങ്കിലും, അനേകരും ജനാധിപത്യത്തിന്റെ കുറവുകൾമൂലം തളർന്നിരിക്കുകയും ശക്തമായ നേതൃത്വത്തിനു വേണ്ടി നോക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ശക്തനായ ഒരു നേതാവ് ആവിർഭവിക്കുമ്പോൾ മിക്കവാറും എല്ലാവരും അവനിലേക്കു നോക്കും. ഇന്നത്തെ ലോകസാഹചര്യത്തിന്റെ പ്രവണത ഇതായതുകൊണ്ട്, അനേകരെ ആകർഷിക്കുവാൻ എതിർക്രിസ്തുവിന് എളുപ്പമായിരിക്കും. എന്നാൽ നമുക്ക് പ്രവചനത്തിന്റെ വെളിച്ചം ഉള്ളതിനാലും, നാം ഇരുട്ടിൽ അല്ലാത്തതിനാലും കർത്താവിനെ സ്തുതിക്കുന്നു! എതിർക്രിസ്തു എന്തു തരം വ്യക്തിയായിരിക്കുമെന്ന് നമുക്കറിയാം. എതിർക്രിസ്തു നാലാമത്തെ മൃഗവും, ചെറിയ കൊമ്പും, പ്രഭുവും, രാജാവും ആണ്. അവൻ പ്രത്യക്ഷനാകുമ്പോൾ അവനെ തിരിച്ചറിയുവാൻ എളുപ്പമായിരിക്കും.